കരാറുകാർക്ക് കടിശ്ശിക

283(4915) ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യു.ഡി. കരാറുകാരിൽ ഏതൊക്കെ കാറ്റഗറിയിൽപ്പെട്ട് എത്ര കരാറുകാർക്കാണ് കുടിശ്ശിക കൊടുത്തു തീർക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ദേശീയപാത വിഭാഗത്തിൽ എ, ബി, സി എന്നീ കാറ്റഗറിയിൽപ്പെട്ട 19 കരാറുകാർക്കും നിരത്ത് വിഭാഗത്തിൽ 1161 'A' ക്ലാസ് കരാറുകാർക്കും 668 'B' ക്ലാസ് കരാറുകാർക്കും 710 'C' ക്ലാസ് കരാറുകാർക്കും 58 'D' ക്ലാസ് കരാറുകാർക്കും കുടിശ്ശിക നൽകാനുണ്ട്. കെട്ടിട വിഭാഗത്തിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

മാല്യങ്കരപ്പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണം

284(4916) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാല്യങ്കരപ്പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനും, പാർശ്വഭിത്തി സംരക്ഷണത്തിനും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും, ഭരണാനുമതിയുടെ പകർപ്പും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എഗ്രിമെന്റ് പ്രകാരമുള്ള കാലാവധി എത്രയെന്നും. സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ എത്ര തവണയെന്നും വ്യക്തമാക്കാമോ? .

ഉത്തരം

(എ) 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) ശക്തമായ കാലവർഷം മൂലമാണ് കാലതാമസം നേരിട്ടത്.

(സി) 4 മാസമാണ് കാലാവധി. 2 തവണ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly